# Malayala Manorama

## 20 August 2018

## Aroor, Tide, Flooded the Houses, Relief Camps

# കായലിലെ വേലിയേറ്റത്തിൽ വീടുകളിൽ വെള്ളം കയറി



അരൂർ ഗവ. ഹൈസ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ കഴിയുന്നവർ.

അരൂർ • അരൂർ മേഖലയിൽ ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്നവരുടെ എണ്ണം അയ്യായിരത്തിലധികമായി. കായലിലെ വേലിയേറ്റത്തിൽ വെള്ളം വീടുകളിലേയ്ക്കു കയറുന്നതു മൂലം ജനങ്ങൾ ദുരിതാശ്വാസ ക്യാംപുകളിൽ അഭയം തേടുകയാണ്. അരൂർ ഗവ. ഫിഷറീസ് എൽപി സ്കൂളിൽ ശനിയാഴ്ച വൈകിട്ട് ക്യാംപ് തുടങ്ങി. ഇവിടെ തൊള്ളായിരം പേർ കഴിയുന്നുണ്ട്.

പഞ്ചായത്ത് അംഗം രത്നമ്മ വേലപ്പന്റെ നേതൃത്വത്തിൽ ക്യാംപിൽ കഴിയുന്നവർക്ക് ഭക്ഷണങ്ങളും മറ്റും എത്തിക്കുന്നുണ്ട്. അരൂരിലെ ദുരിതാശ്വാസ ക്യാംപുകളിൽ യൂത്ത് കോൺഗ്രസ് അരൂർ നോർത്ത് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വെള്ളവും ഭക്ഷണ സാധനങ്ങളും വിതരണം ചെയ്തു. എഴുപുന്ന, അരൂർ, കോടംതുരുത്ത്, അരൂക്കുറ്റി പഞ്ചായത്തുകളിലെ കായലോര മേഖലയിൽ നൂറുകണക്കിനു കുടുംബങ്ങളാണ് ക്യാംപുകളിൽ അഭയം തേടിയത്. കായലുകളിൽ നിന്നും വെള്ളം കവിഞ്ഞൊഴുകുന്നതു മൂലം വീടുകളിലേയ്ക്കു വെള്ളം ഇരച്ചുകയറുകയാണ്. എഴുപുന്ന പഞ്ചായത്തിലെ നീണ്ടകര, നരിയാണ്ടി പ്രദേശങ്ങൾ പൂർണമായും വെള്ളത്തിലായി.

കായലുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളാണിത്. ഇവിടെ നിന്ന് ഒട്ടേറെ കുടുംബങ്ങൾ ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുകയാണ്. കായലോരത്തു മാത്രമല്ല അനുബന്ധ ജലാശയങ്ങളുള്ള പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങി. പ്രളയബാധിത മേഖല പോലെ വെള്ളം ഉയർന്നു നാശം വിതയ്ക്കുമോയെന്ന ആശങ്ക പടരുകയാണ്. ജനപ്രതിനിധികളും പൊതുപ്രവർത്തകരും ആവശ്യപ്പെടാതെ തന്നെ ക്യാംപുകളിലേയ്ക്കു മാറാൻ ജനങ്ങൾ സ്വയം സന്നദ്ധരാകുന്ന സാഹചര്യമാണു നിലവിലുള്ളത്. കയലോരത്തു നിന്നു രണ്ടുകിലോമീറ്റർ ദൂരംവരെ പ്രളയജലം തള്ളിക്കയറുന്നുണ്ട്. അരൂർ മേഖലയിലെ ഒട്ടുമിക്ക സ്കൂളുകളും ദുരിതാശ്വാസ ക്യാംപുകളായി മാറി.